"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- 2024-25 വർഷത്തെ ക്രിസ്തുമസ് ന്യൂ ഇയർ ലൈറ്റിംഗ് -അധിക ചെലവ്- സംസ്ഥാന സ്കൂൾ കലോത്സവം നടക്കുന്നതിന്റെ ഭാഗമായി, കോഴിക്കോട് മാനാഞ്ചിറ ഗ്രൗണ്ട്, തിരുവനന്തപുരം കനകക്കുന്ന് എന്നിവിടങ്ങളിൽ ലൈറ്റിംഗ് നീട്ടിയ സാഹചര്യത്തിൽ ചിലവായ അധിക തുക അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.404/2025/TSM തീയതി,തിരുവനന്തപുരം, 02-07-2025

---

പരാമർശം:- 1. 15.10.2024 തീയതിയിലെ സ.ഉ.(സാധാ)നം.571/2024/TSM

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 18.03.2025 തീയതിയിലെ DOT/1609/2024-M1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024-25 വർഷത്തെ ക്രിസ്തുമസ് ന്യൂ ഇയർ ലൈറ്റിംഗിന് 3452-80-104-99-00-00-01-പിവി-വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം എന്ന ശീർഷകത്തിൽ നിന്നും ₹2,45,000,00/-രൂപ അനുവദിക്കുന്നതിന് പരാമർശം(1) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു.

2. സംസ്ഥാന സ്കൂൾ കലോത്സവം നടക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് മാനാഞ്ചിറ ഗ്രണ്ടിൽ ജനുവരി 3 മുതൽ 5 വരെയും തിരുവനന്തപുരം കനകക്കുന്നിൽ ജനുവരി 4 മുതൽ 8 വരെയും ക്രിസ്തുമസ് ന്യൂ ഇയർ ലൈറ്റിംഗ് അറേഞ്ച്മെന്റ്സ് നീട്ടിയിരുന്നു എന്നും പ്രസ്തുത സാഹചര്യത്തിൽ ചിലവായ അധിക തുകയായ ₹8,68,539 /- രൂപ അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം(2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അംഗീകരിച്ച

നിർക്കുകൾ പ്രകാരം നിയമാനുസൃതമായി മാത്രമേ അധിക തുക അനുവദിയ്ക്കാവൂ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, കോഴിക്കോട് മാനാഞ്ചിറ ഗ്രൗണ്ടിൽ ജനുവരി 3 മുതൽ 5 വരെയും തിരുവനന്തപുരം കനകക്കുന്നിൽ ജനുവരി 4 മുതൽ 8 വരെയും ക്രിസ്തുമസ് ന്യൂ ഇയർ ലൈറ്റിംഗ് അറേഞ്ച്മെന്റ്സ് നീട്ടിയതിന്റെ ഭാഗമായി ചിലവായ അധിക തുകയായ **₹8,68,539/- (എട്ട് ലക്ഷത്തി അറുപത്തെണ്ണായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഒൻപത് രുപ മാത്രം) 3452-80-104-99-00-00-01-പിവി-വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം** എന്ന ശീർഷകത്തിൽ നിന്നും ചിലവാക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. പ്രസ്തുത ശീർഷകത്തിൽ നിന്നും ടി തുക നീക്കി വച്ചതിന് ശേഷം മാത്രമേ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് ഭരണാനുമതി അഭ്യർത്ഥിച്ചുള്ള ശിപാർശകൾ സമർപ്പിക്കുവാൻ പാടുള്ളൂ എന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 04-07-2025 12:58:51
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എ-യ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്